പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2006 11-06-2018 -ൽ മറുപടിക്ക്

## ഓഖി ദുരന്തവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. നൗഷാദ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഇരവിപുരം നിയോജകമണ്ഡലത്തിൽ തീരദേശ പുനരധിവാസമടക്കം എത്ര തുകയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ ഇരവിപുരം നിയോജകമണ്ഡലത്തിൽ 727 മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) വീതം ആകെ 14,54,000/- രൂപ (പതിനാല് ലക്ഷത്തി അമ്പത്തിനാലായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 4 വീടുകളിലെ താമസക്കാർക്ക് വീട്ടു വാടക ഇനത്തിൽ 12 മാസത്തേക്ക് പ്രതിമാസം 3000/- രൂപ (മൂവായിരം രൂപ മാത്രം) വച്ച് 1,44,000/- രൂപ (ഒരു ലക്ഷത്തി നാല്പത്തിനാലായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് ആശ്വാസ ധനസഹായമായി 84,000/-രൂപ (എൺപത്തിനാലായിരം രൂപ മാത്രം) -യും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ